# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

(സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ)

(ഹാജർ ശ്രീമതി.അനുപമ.റ്റി.വി.ഐ.എ.എസ്. വനിത ശിശു വികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി,SCPS)

വിഷയം : വനിത ശിശു വികസന വകുപ്പ്- ഐ.സി.പി.എസ് - ഓ.ആർ.സി - പ്രോജക്ട് അസിസ്റ്റന്റുമാരുടെ 2021 മേയ് മുതൽ 2021 ഒക്ടോബർ വരെ 6 മാസകാലയളവിലെ വേതനം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: (1) സ.ഉ.(അച്ചടി) നം.29/2021 ധന. തീയതി 11.02.2021
(2) 21.04.2021 ലെ വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സ്
(3) 17.05.2021 ലെ സർക്കാർ ഉത്തരവ് നമ്പർ. G.O.(Rt) No.314/2021/SJD

## ഉത്തരവ് നമ്പർ ICPS 4(C)/1397/21 തീയതി :19.05.2021

സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായ ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി.) പദ്ധതിയുടെ ഭാഗമായി ജില്ലാ ഓഫീസിൽ കരാർ വ്യവസ്ഥയിൽ സേവനമനുഷ്ടിക്കുന്ന പ്രോജക്ട് അസിസ്റ്റന്റുമാരുടെ വേതനം 22,290/- രൂപയായി പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ജീവനക്കാർക്ക് 2021 ഏപ്രിൽ മാസം വരെയുള്ള വേതനം അനുവദിച്ചിട്ടുണ്ട്. പരാമർശം (2) പ്രകാരം ഓ.ആർ.സി. പദ്ധതിയ്ക്ക് 2021-22 സാമ്പത്തിക വർഷത്തിൽ ഫണ്ട് വിനിയോഗിക്കുന്നതിനുള്ള വർക്കിംഗ് ഗ്രൂപ്പ് അനുമതി ലഭ്യമായിട്ടുണ്ട്. പരാമർശം (3) പ്രകാരം ഫണ്ട് വിനിയോഗിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്. ജില്ലാതലത്തിൽ നിയമിതരായിരിക്കുന്ന പ്രോജക്ട് അസിസ്റ്റന്റുമാർക്ക് 2021 മേയ് മാസം മുതൽ 2021 ഒക്ടോബർ മാസം വരെ 6 മാസകാലയളവിലെ വേതനവും 2020 - 21 സാമ്പത്തിക വർഷം കോവിഡ് ഫണ്ട് ഇനത്തിൽ ഈടാക്കിയ തുകയും അനുവദിക്കേണ്ടതുണ്ട്.

ടി സാഹചര്യത്തിൽ ദിവസ വേതന അടിസ്ഥാനത്തിൽ തുടരുന്ന ഓ.ആർ.സി. യുടെ ജില്ലാതല പ്രോജക്ട് അസിസ്റ്റന്റുമാർക്ക് ദിവസവേതനാടിസ്ഥാനത്തിൽ പ്രതിദിനം 780/- രൂപ നിരക്കിൽ ഹാജരായ ദിവസങ്ങൾ കണക്കാക്കി വേതനം നൽകുന്നതിന് പരമാവധി 21,060/- രൂപ വീതം അനുവദിക്കാവുന്നതാണ്. കരാർ അടിസ്ഥാനത്തിൽ തുടരുന്ന ജില്ലകളിലെ പ്രോജക്ട് അസിസ്റ്റന്റുമാർക്ക് കരാർ വേതനമായി 22,290/- രൂപയും അനുവദിക്കാവുന്നതാണ്. . ടി സാഹചര്യത്തിൽ 2021 മേയ് മാസം മുതൽ 2021 ഒക്ടോബർ മാസം വരെയുള്ള 6 മാസകാലയളവിലെ വേതനമായ (22,290*6=1,33,740/-) രൂപയും കോവിഡ് ഫണ്ട് ഇനത്തിൽ (22,000/-) രൂപയും ചേർത്ത് 1,55,740/- രൂപ വീതം 14 ജില്ലകൾക്കായി ആകെ **21,80,360/- ( ഇരുപത്തി ഒന്ന് ലക്ഷത്തി എൺപതിനായിരത്തി മുന്നൂറ്റി അറുപത് രൂപ മാത്രം)** ചുവടെ ചേർക്കും പ്രകാരം തുക അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | അനുവദിക്കേണ്ട ജില്ല | അനുവദിക്കേണ്ട തുക |
|---|---|---|
| 1 | ജില്ലാ വനിത ശിശു വികസന ഓഫീസർ, തിരുവനന്തപുരം | 1,55,740/- |
| 2 | ജില്ലാ വനിത ശിശു വികസന ഓഫീസർ, കൊല്ലം | 1,55,740/- |
| 3 | ജില്ലാ വനിത ശിശു വികസന ഓഫീസർ, പത്തനംതിട്ട | 1,55,740/- |
| 4 | ജില്ലാ വനിത ശിശു വികസന ഓഫീസർ, ആലപ്പുഴ | 1,55,740/- |
| 5 | ജില്ലാ വനിത ശിശു വികസന ഓഫീസർ, കോട്ടയം | 1,55,740/- |
| 6 | ജില്ലാ വനിത ശിശു വികസന ഓഫീസർ, ഇടുക്കി | 1,55,740/- |
| 7 | ജില്ലാ വനിത ശിശു വികസന ഓഫീസർ, എറണാകുളം | 1,55,740/- |
| 8 | ജില്ലാ വനിത ശിശു വികസന ഓഫീസർ, തൃശ്ശൂർ | 1,55,740/- |
| 9 | ജില്ലാ വനിത ശിശു വികസന ഓഫീസർ, പാലക്കാട് | 1,55,740/- |
| 10 | ജില്ലാ വനിത ശിശു വികസന ഓഫീസർ, മലപ്പുറം | 1,55,740/- |
| 11 | ജില്ലാ വനിത ശിശു വികസന ഓഫീസർ, കോഴിക്കോട് | 1,55,740/- |
| 12 | ജില്ലാ വനിത ശിശു വികസന ഓഫീസർ, വയനാട് | 1,55,740/- |
| 13 | ജില്ലാ വനിത ശിശു വികസന ഓഫീസർ, കണ്ണൂർ | 1,55,740/- |
| 14 | ജില്ലാ വനിത ശിശു വികസന ഓഫീസർ, കാസർഗോഡ് | 1,55,740/- |
| **ആകെ തുക** | | **21,80,360/-** |

മേൽപട്ടിക പ്രകാരമുള്ള തുകകൾ 2021-2022 സാമ്പത്തിക വർഷത്തെ ഓ.ആർ.സി യുടെ ശീർഷകമായ **2235 – 02 – 102 - 36 (P) 01** ലെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് എന്ന കംപോണന്റിൽ നിന്നും ആകെ **21,80,360/- ( ഇരുപത്തി ഒന്ന് ലക്ഷത്തി എൺപതിനായിരത്തി മുന്നൂറ്റി അറുപത് രൂപ മാത്രം)** വനിത ശിശു വികസന ഓഫീസർ മുഖാന്തിരം തുക അതാതു ഡി.സി.പി.ഒ. മാർക്ക് അലോട്ട്മെന്റായി അനുവദിക്കേണ്ടതാണ്. കരാർ കാലാവധി അവസാനിച്ച പ്രോജക്ട് അസിസ്റ്റന്റുമാർക്ക് കരാർ പുതുക്കി നൽകുന്നതിനനുസരിച്ച് ശമ്പള കുടിശ്ശിക അനുവദിക്കേണ്ടതാണ്

ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ അതത് ജില്ലകളിലെ ഓ.ആർ.സി. പ്രോജക്ട് അസിസ്റ്റന്റ്മാർക്ക് വേതനം, കോവിഡ് ഫണ്ട് എന്നീ ഇനത്തിൽ തുക അനുവദിക്കേണ്ടതും ടി തുകയുടെ കൈപ്പറ്റ് രസീത്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ധനവിനിയോഗ സർട്ടിഫിക്കറ്റ് തുടങ്ങിയവ ഇക്കാര്യാലയത്തിലേയ്ക്ക് അയച്ചു തരേണ്ടതുമാണ്.

**(ഒപ്പ്)**
**വനിത ശിശു വികസന വകുപ്പ് ഡയറക്ടർ &**
**മെമ്പർ സെക്രട്ടറി,SCPS**

<u>പകർപ്പ്:</u>

1. **എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും**
2. **എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും**
3. **സൂപ്രണ്ട് എ സെഷൻ, വനിത ശിശു വികസന ഡയറക്ടറേറ്റ്,**
4. **ICPS 4 & സ്റ്റോക്ക്ഫയൽ**

5 ബ്രെഫൈൽ

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM
WOMEN & CHILD DEVELOPMENT

**ഉത്തരവിൻ പ്രകാരം**

**അഡീഷണൽ ഡയറക്ടർ**